**ടിനി ഫിലിപ്പ്**

**അസംഘടിത മേഖലയിൽ നിന്നുള്ള വിവരങ്ങൾ കൂടി കണക്കിലെടുത്താൽ മാന്ദ്യം എന്നത് വെറും തോന്നലല്ല എന്ന് ബോധ്യമാകും**

# യഥാർത്ഥത്തിൽ ഇവിടെ മാന്ദ്യം ഉണ്ടോ?

സർക്കാർ വക്താക്കളും ഒട്ടുമിക്ക സാമ്പത്തിക പണ്ഡിതരും കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയുടെ ഉയർന്ന ജിഡിപി വളർച്ചാ നിരക്കിനെപ്പറ്റി പറയുന്നുണ്ട്.

2017 ൽ, ഇന്ത്യയുടേത് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥയെന്നാണ് പറഞ്ഞിരുന്നത്. ഫ്രാൻസിനെ മറികടന്ന് ലോകത്തിലെ ആറാമത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറുകയും ചെയ്തു. ഈ വർഷം ഗ്രേറ്റ് ബ്രിട്ടനെ മറികടന്ന് അഞ്ചാമത്തെ സാമ്പത്തിക ശക്തിയായി മാറുമെന്നും കണക്കാക്കിയിരുന്നു.

2024 ഓടെ രാജ്യത്തിന്റെ ജിഡിപി അഞ്ച് ട്രില്യൺ ഡോളർ എന്ന നേട്ടം കൈവരിക്കുമെന്ന പ്രതീക്ഷാ നിർഭരമായൊരു പദ്ധതി അടുത്തിടെ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2018 ലെ 2.72 ട്രില്യൺ ഡോളറിൽ നിന്നുള്ള ഒരു കുതിച്ചു ചാട്ടം തന്നെയാകും അത്.

## സ്ഥാന നഷ്ടം

ദൗർഭാഗ്യവശാൽ, 2019 ആയപ്പോഴേക്കും ഇന്ത്യ വീണ്ടും ഫ്രാൻസിനു പിന്നിൽ ഏഴാം സ്ഥാനത്തേക്ക് എത്തുകയും ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥ എന്ന പദവി ചൈനയ്ക്ക് വിട്ടു കൊടുക്കുകയും ചെയ്തു. 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ 5.8 ശതമാനം വളർച്ചാ നിരക്കുമായി അഞ്ചുവർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിൽ എത്തുകയും ചെയ്തു.

മുൻവർഷം ഉണ്ടായിരുന്ന 7.2 ശതമാനത്തിൽ നിന്നും വാർഷിക വളർച്ച 2018-19 വർഷത്തിൽ 6.8 ശതമാനമായി കുറഞ്ഞു. ജിഡിപി വളർച്ചാ നിരക്ക് കഴിഞ്ഞ ഏതാനും വർഷങ്ങളായി 2.5 ശതമാനം കൂടുതലായാണ് കണക്കാക്കി വരുന്നതെന്ന് മുൻ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അരവിന്ദ് സുബ്രഹ്മണ്യൻ അടുത്തിടെ അഭിപ്രായപ്പെട്ടിരുന്നു. അതായത് 2019 ജനുവരി-മാർച്ച് മാസത്തെ 5.8 ശതമാനം എന്ന പുതിയ ജിഡിപി വളർച്ചാ നിരക്ക് പെരുപ്പിച്ച് കാട്ടിയതാണെന്നും യഥാർത്ഥത്തിൽ 3.3 ശതമാനം മാത്രമാണെന്നുമാണ്.

മറ്റെല്ലാ വികസിത രാജ്യങ്ങളും 3.3 ശതമാനം എന്ന വളർച്ചാ നിരക്കിൽ സംതൃപ്തരായിരിക്കുമ്പോഴും ഡാറ്റ സൂചിപ്പിക്കുന്നതിനേക്കാൾ മോശമാണ് സാമ്പത്തികാവസ്ഥ എന്ന് നമുക്ക് തോന്നുന്നത് എന്തുകൊണ്ടാണ്?

ഒരു വലിയ തകർച്ചയിൽ നിന്ന് ധൈര്യമോ അറിവോ മാത്രം കൈമുതലാക്കി സമ്പദ്‌വ്യവസ്ഥയെ രക്ഷിക്കാനാവില്ലെന്നും പുതിയ സാമ്പത്തിക നയത്തിന് രൂപം നൽകിയില്ലെങ്കിൽ അഞ്ച് ട്രില്യൺ ഡോളർ ജിഡിപി നേട്ടമെന്ന ലക്ഷ്യത്തോട് ഗുഡ്ബൈ പറയേണ്ടി വരുമെന്നും ബിജെപി നേതാവും സാമ്പത്തിക വിദഗ്ധനുമായ സുബ്രഹ്മണ്യൻ സ്വാമി ടിറ്ററിൽ അഭിപ്രായപ്പെട്ടത് എന്തുകൊണ്ടാണ്?

### എന്താണ് മാന്ദ്യം

**ഒരു സമ്പദ് വ്യവസ്ഥയിൽ തുടർച്ചയായ രണ്ടു പാദങ്ങളിൽ ജിഡിപിയിൽ നെഗറ്റീവ് വളർച്ച കണ്ടാൽ സാമ്പത്തിക മാന്ദ്യമാണെന്ന് കരുതാം**

അടുത്ത 18 മാസത്തിനുള്ളിൽ റിലയൻസിനെ വായ്പാ വിമുക്തമാക്കി മാറ്റേണ്ടതുണ്ടെന്ന് മുകേഷ് അംബാനി പ്രഖ്യാപിച്ചത് എന്തുകൊണ്ടാണ്?

ഈ കടങ്കഥയ്ക്ക് ഉത്തരം ലഭിക്കുന്നതിന് നമ്മൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ സംബന്ധിച്ച അടിസ്ഥാനപരമായ ചില വസ്തുതകൾ മനസിലാക്കേണ്ടതുണ്ട്.

വികസ്വര സമ്പദ്‌വ്യവസ്ഥയായ ഇന്ത്യയിൽ, ജിഡിപിയുടെ 45 ശതമാനവും തൊഴിൽ ശക്തിയുടെ 94 ശതമാനവും സംഭാവന ചെയ്യുന്ന വളരെ വലിയ അസംഘടിത മേഖലയുണ്ട്. ദശലക്ഷക്കണക്കിന് സ്ഥാപനങ്ങളടങ്ങിയ അസംഘടിത മേഖലയിൽ നിന്ന് സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നത് റഫറൻസ് വർഷങ്ങൾ എന്ന് വിശേഷിപ്പിക്കുന്ന അഞ്ചു വർഷത്തിലൊരിക്കലാണ്. നേരെ മറിച്ച്, സംഘടിത മേഖലയിൽ നിന്നുള്ള ഡാറ്റ ഓരോ പാദത്തിലും വർഷത്തിലും ശേഖരിക്കുന്നു.

## അസംഘടിത മേഖലയുടെ പ്രസക്തി

ഈ അഞ്ചു വർഷത്തിനിടയിൽ (reference years) സംഘടിത മേഖലയുടെ സാമ്പത്തിക വിവരങ്ങളടങ്ങിയ ജിഡിപി കണക്കാക്കുമ്പോൾ അസംഘടിത മേഖലയ്ക്ക് വേണ്ടി പ്രോക്സിയെയാണ് ആശ്രയിക്കുന്നത്.

മിക്ക സാമ്പത്തിക സാഹചര്യങ്ങളും സംഘടിത, അസംഘടിത മേഖലകളെ ഒരുപോലെ ബാധിക്കുമെന്നതിനാൽ ഈയൊരു രീതി പൊതുവേ അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ, അടുത്തിടെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പിടിച്ചു കുലുക്കിയ നോട്ട് നിരോധനവും ജിഎസ്ടിയും സംഘടിത മേഖലയേക്കാൾ കൂടുതലായി ബാധിച്ചത് അസംഘടിത മേഖലയെയാണ്.

അതുകൊണ്ടു തന്നെ, സംഘടിത മേഖലയിൽ നിന്നുള്ള സാമ്പത്തിക വിവരങ്ങൾ അസംഘടിത മേഖലയുടെ പ്രാതിനിധ്യം ആകുന്നില്ല. അതിനാൽ ഈ രീതി ഉപയോഗിച്ചുള്ള ജിഡിപി കണക്കാക്കൽ തെറ്റാണ്. അതായത് സമ്പദ്‌വ്യവസ്ഥയുടെ 55 ശതമാനം മാത്രം വരുന്ന സംഘടിത മേഖലയെ മാത്രമാണ് പുതുക്കിയ 3.3 ശതമാനം വളർച്ചാ നിരക്ക് പ്രതിനിധീകരിക്കുന്നത്. അപ്പോൾ, അസംഘടിത മേഖലയുടെ യഥാർത്ഥ വളർച്ചാ നിരക്ക് എത്രയാണ്?

## യാഥാർത്ഥ്യമെന്ത്?

വിവിധ സ്രോതസുകളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അസംഘടിത മേഖലയിൽ 10 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ 55 ശതമാനം വരുന്ന സംഘടിത മേഖല 3.3 ശതമാനം വളരുകയും 45 ശതമാനം വരുന്ന അസംഘടിത മേഖലയിൽ 10 ശതമാനത്തിന്റെ കുറവ് നേരിടുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ 2.685 ശതമാനം നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തുന്നത്.

അസംഘടിത മേഖലയിലെ യാഥാർത്ഥ്യം കണക്കിലെടുത്താൽ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ യഥാർത്ഥത്തിൽ ഇടിയുകയാണെങ്കിൽ ഒരു കാര്യം വ്യക്തമാണ് – മാന്ദ്യത്തിലാണെന്ന നമ്മുടെ തോന്നൽ ഇവിടെ സാമ്പത്തിക മാന്ദ്യം ഉള്ളതുകൊണ്ടു തന്നെയാണ്. ■

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.*

*[illegible] IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com*